ഒരു ആര്യസമാജം പ്രസിദ്ധീകരണം
RNI NO. KERMAL /2013/53849
Date of Publication 10/06/2014
REGISTERED NO. OTTAPALAM/5/2014-16

## വായിക്കുക! പ്രചരിപ്പിക്കുക! വരിക്കാരാവുക!

ദയാനന്ദ സന്ദേശം വൈദിക മാസിക

## ദയാനന്ദ സന്ദേശം വൈദിക മാസിക

**സത്യ – സനാതന – വൈദികധർമ്മ സന്ദേശം!**
**അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കുമെതിരായ**
**വൈദിക സിംഹഗർജ്ജനം!**
**ആര്യധർമ്മ (ഹിന്ദു ധർമ്മ) ത്തിന്റെ പാഞ്ചജന്യം!**

**വാർഷിക വരിസംഖ്യ ₹ 60. ദീർഘകാലം ₹ 1000.**
**വരിസംഖ്യ (M.O) അയ്ക്കേണ്ട വിലാസം**
**വ്യവസ്ഥാപകൻ, ദയാനന്ദസന്ദേശം,**
**ആര്യസമാജം, വെള്ളിനേഴി (P.O), പാലക്കാട് – 679 504**
*Email: dayanandasandesam@gmail.com*

**ബാങ്ക് വഴി വരിസംഖ്യ അടയ്ക്കുന്നവർ 25 രൂപ**
**ബാങ്ക് ചാർജ്ജിനത്തിൽ അടയ്ക്കേണ്ടതാണ്.**

**DAYANANDA SANDESAM**
**Bank Account No: 4264000100072426, IFSC Code : PUNB 0426400**
**Punjab National Bank- Cherpalcheri Branch**

*Printed and published by KM Rajan on behalf of Arya Samajam, Pandit Lekh Ram Smruthi Bhavan Vellinezhi (P.O) Palakkad-679 504. Printed at Ambal Quick Print Shop Near Head Post Office Palakkad - 01 and Published from Arya Samajam, Pandit Lekh Ram Smrithi Bhavan, Vellinezhi (P.O) Palakkad 679 504. Owner and Editor Responsible for selecting articles : K M Rajan*
*Email: dayanandasandesam@gmail.com Phone: 09562529095*




ओ३म्

# ദയാനന്ദ സന്ദേശം



*ആര്യസമാജത്തിന്റെ മുഖപത്രം*
**വൈദിക – ദാർശനിക മാസിക**
**DAYANANDA SANDESAM**
ഓം കൃണ്വന്തോ വിശ്വമാര്യം (ഋഗ്വേദം 9.63.5)
വിശ്വത്തെ ശ്രേഷ്ഠമയമാക്കുക!

പുസ്തകം : 1
ലക്കം 12
വേദ സൃഷ്ടി സംവത്സരം 1972949115 കലിവർഷം 5116 ജ്യേഷ്ഠം – ആഷാഢം
1189 എടവം – മിഥുനം 2014 ജൂൺ
വാർഷിക വരിസംഖ്യ: ₹ 60/-
ദീർഘകാലം: ₹1000/-



## കെ. വേലായുധ ആര്യ (1930-2014)

**ഭാരത ചരിത്രത്തിൽ ഈ മാസം ഓർമ്മിക്കപ്പെടേണ്ട പ്രധാന ദിനങ്ങൾ**

| | | |
|---|---|---|
| ജൂൺ 1 | – | ലാഹോർ ദയാനന്ദ് ആംഗ്ലോ വേദിക് (DAV) കോളേജ് ഉദ്ഘാടനം |
| ജൂൺ 18 | – | റാണി ലക്ഷ്മിബായ് രക്തസാക്ഷി ദിനം |
| ജൂൺ 21 | – | ഡോ. ഹേഡ്ഗേവാർ നിർവ്വാണ ദിനം |
| ജൂൺ 23 | – | ഡോ. ശ്യാമപ്രസാദ് മുഖർജി രക്തസാക്ഷി ദിനം |
| ജൂൺ 27 | – | ബങ്കിം ചന്ദ്ര ചാറ്റർജി ജന്മദിനം |

*"മാനവരെല്ലാം ആര്യന്മാർ!*
*വേദജ്ഞാനം ഈശ്വരദത്തം!*
*സേവനമല്ലോ നമ്മുടെ ധർമ്മം! "*

# വേദാദ്ധ്യയനം



*ഋഷിഃ മധുഛന്ദാഃ ദേവതാ ഇന്ദ്രഃ ഛന്ദഃ ഗായത്രി ഷഡ്ജ സ്വരഃ*

**ഓമാസശ്ചർഷണീധൃതോ വിശ്വേ ദേവാസ ആ ഗത ।**

**ദാശ്വാംസോ ദാശുഷഃ സുതമ് ॥**

*(ഋഗ്വേദം 1.3.7)*

**പദാർത്ഥം:** (ഓമാസഃ) ഏതൊന്നാണോ സ്വന്തം ഗുണത്താൽ ലോകത്തിലെ ജീവികളുടെ രക്ഷ ചെയ്യുന്നത്, ജ്ഞാനത്താൽ പരിപൂർണ്ണനായി വിദ്യ, ഉപദേശം എന്നിവ നൽകുന്നത്, വിജ്ഞാനത്താൽ തൃപ്തനായി യഥാർത്ഥമായും നിശ്ചയയുക്തനും ശുഭഗുണങ്ങളെ നൽകുന്നവനും എല്ലാ വിദ്യകളേയും കേൾക്കുന്നവനും പരമേശ്വരനേ അറിയുന്നതിനായി പുരുഷാർത്ഥിയായിരിക്കുന്നതും ശ്രേഷ്ഠ-വിദ്യാഗുണങ്ങളെ ആഗ്രഹിച്ച് ദുഷ്ടൻമാരെ നശിപ്പിക്കുന്നത്, അത്യന്ത ജ്ഞാനവാനും (ചർഷണിധൃതഃ) സത്യോപദേശത്താൽ മനുഷ്യരുടെ സുഖത്തേ ധാരണം ചെയ്യിക്കുന്നതും (വിശ്വേദേവാസഃ) എല്ലാ വിദ്വാൻമാരും ആ (ദാശുഷഃ) സജ്ജനങ്ങളായ മനുഷ്യരുടെ മുന്നിൽ (സുതമ്) സോമം തുടങ്ങിയ പദാർത്ഥങ്ങളും വിജ്ഞാനവും (ആ ഗത) നിത്യവും പ്രകാശിപ്പിക്കുന്നു.

**ഭാവാർത്ഥം:** ഈശ്വരൻ വിദ്വാന്മാർക്ക് ആജ്ഞ നൽകുന്നു. നിങ്ങൾ പാഠശാലകൾ നിർമ്മിച്ചും ദേശദേശാന്തരങ്ങളിൽ സഞ്ചരിച്ച് അജ്ഞാനികളായവർക്ക് വിദ്യാരൂപമായ ജ്ഞാനത്തേ നൽകി പണ്ഡിതൻമാരാക്കി അങ്ങിനെ അവർ എല്ലാ മനുഷ്യരേയും വിദ്യ, ധർമ്മം, ശ്രേഷ്ഠ ശിക്ഷണം എന്നിവയുള്ളവരാക്കി നല്ല നല്ല കർമ്മങ്ങൾ ചെയ്ത് സദാ സൗഖ്യമുള്ളവരാക്കി മാറ്റട്ടെ.

*(മഹർഷി ദയാനന്ദ സരസ്വതിയുടെ ഋഗ്വേദ ഭാഷ്യത്തിൽ നിന്ന്*

*തർജ്ജമ : കെ.എം. രാജൻ)*

**ദയാനന്ദ സന്ദേശം വരിസംഖ്യ പുതുക്കുക**

ദയാനന്ദ സന്ദേശത്തിന്റെ വരിസംഖ്യാ കാലാവധി സമാപിച്ചവർ എത്രയും വേഗം അത് പുതുക്കി ഈ വേദപ്രചാരണ യജ്ഞത്തിൽ തുടർന്നും സഹകരിക്കാൻ അഭ്യർത്ഥിക്കുന്നു. വരിസംഖ്യ (M.O) അയ്ക്കേണ്ട വിലാസം:

**വ്യവസ്ഥാപകൻ, ദയാനന്ദ സന്ദേശം, ആര്യസമാജം, വെള്ളിനേഴി (P.O),**

**പാലക്കാട് – 679 504.**

*'സത്യമേവ ജയതേ നാനൃതം (മുണ്ഡകോപനിഷത്ത് 3.2.4)'*

*സത്യത്തിന് മാത്രമേ വിജയമുണ്ടാകൂ*





# ദയാനന്ദ സന്ദേശം

*ആര്യസമാജത്തിന്റെ മുഖപത്രം*

**വൈദിക-ദാർശനിക മാസിക**

**പുസ്തകം : 1** **ലക്കം 12**

**വേദ സൃഷ്ടി സംവത്സരം 1972949115 കലിവർഷം 5116 ജ്യേഷ്ഠം – ആഷാഢം 1189 എടവം – മിഥുനം 2014 ജൂൺ**

**പത്രാധിപ സമിതി**

പത്രാധിപർ : കെ.എം. രാജൻ

**ഉപദേശക സമിതി**

ടി. ആർ. ബാലചന്ദ്രൻ നായർ

വാനപ്രസ്ഥി ശ്രീധര മുനി

വി. ഗോവിന്ദ ദാസ്

**വ്യവസ്ഥാപകൻ: പി. ശിവശങ്കരൻ**


**താളുകൾ മറിക്കുമ്പോൾ**

| | | |
|---|---|---|
| വേദാധ്യയനം | : | |
| മുഖവാണി | : | 3 |
| ധർമ്മപാഠങ്ങൾ | : | 6 |
| ശ്രദ്ധാഞ്ജലി | : | 9 |
| സംശയനിവാരിണി | : | 11 |
| ജീവിതം ഒരലയാഴി | : | 12 |
| ഉപദേശ മഞ്ജരി | : | 13 |
| മഹർഷി ദയാനന്ദ സരസ്വതി | : | 14 |
| വൈദിക ധർമ്മ പ്രശ്നോത്തരി: | | 15 |

**വിലാസം : ദയാനന്ദ സന്ദേശം, ആര്യസമാജം,**
**പണ്ഡിറ്റ് ലേഖ്റാം സ്മൃതിഭവൻ,**
**വെള്ളിനേഴി തപാൽ,**
**പാലക്കാട് – 679 504**
**Ph: 09562529095,**
**Email:dayanandasandesam@gmail. com**
**Visit us : www.thearyasmaj.org/vellinezhi**

## മുഖവാണി

### സാ വിദ്യാ യാ വിമുക്തയേ!



**ഈ** ജഗത്തിലെ പ്രാണിവർഗ്ഗങ്ങളിൽ മനുഷ്യരുടെ ജ്ഞാനം സ്വാഭാവികമായി ഉണ്ടാവുന്നതല്ല. മാതാവ്, പിതാവ്, ആചാര്യൻ എന്നിവരിൽ നിന്നും സമൂഹത്തിൽ നിന്നുമാണ് അയാൾ ജ്ഞാനമാർജ്ജിക്കുന്നത്. ശരിയായ ജ്ഞാനം ലഭിച്ചില്ലെങ്കിൽ മറ്റു പ്രാണികളേക്കാൾ അധമമായ പ്രവൃത്തികളായിരിക്കും മനുഷ്യൻ ചെയ്യുക. അതിനാൽ മനുഷ്യർക്ക് സത്യജ്ഞാനങ്ങളുടെ വിദ്യാഭ്യാസം നൽകേണ്ടത് അത്യന്താപേക്ഷിതമാണ്. വിദ്യയാണ് മനുഷ്യനേ മനുഷ്യനാക്കുന്നത്. സ്വമന്തവ്യാമന്തവ്യമെന്ന പ്രകരണത്തിൽ മഹർഷി ദയാനന്ദൻ പറയുന്നു "ഏതൊന്നാലാണോ വിദ്യ, സഭ്യത, ധർമ്മാത്മത, ജിതേന്ദ്രിയത തുടങ്ങിയവ വർദ്ധിക്കുന്നതും അവിദ്യാദി ദോഷങ്ങളിൽ നിന്ന് മോചനം നൽകുന്നതും അതിനെ വിദ്യാഭ്യാസമെന്നു

*സ ഹി സർവ്വവിത് സർവ്വകർത്താ ഈദൃശേശ്വരസിദ്ധിഃ സിദ്ധാ (സാംഖ്യദർശനം 3.56,57)*

*ആ പരമാത്മാവ് സർവ്വാന്തര്യാമിയും സകലജഗത്തിന്റെയും കർത്താവുമാണ്.*

*ഇപ്രകാരം ഈശ്വരസിദ്ധി ഉറപ്പാണ്.*

പറയുന്നു.” ആര്യോദ്ദേശ രത്നമാല എന്ന ഗ്രന്ഥത്തിൽ അദ്ദേഹം വീണ്ടും പറയുന്നു “ഈശ്വരനിൽ നിന്നും തുടങ്ങി പൃഥിവീപര്യന്തമുള്ള പദാർത്ഥങ്ങളുടെ സത്യവിജ്ഞാനം നേടി യഥായോഗ്യം ഉപകാരം ചെയ്യാനാകുന്നതാണ് വിദ്യ.”

ഇന്ന് പ്രചരിച്ചുകൊണ്ടിരിക്കുന്ന വിദ്യാഭ്യാസം വിപരീതഫലങ്ങളാണുണ്ടാക്കുന്നത്. തത്ഫലമായി എല്ലായിടത്തും സ്വാർത്ഥത, അനാചാരം, അത്യാചാരം, അധർമ്മം, അകർമ്മണ്യത, അഴിമതി, ജാതിപ്പോരുകൾ എന്നിവ ശക്തമായിക്കൊണ്ടിരിക്കുന്നു. മാതാപിതാക്കളും അദ്ധ്യാപകരും വിദ്യാർത്ഥികളുമെല്ലാം ആധുനിക വിദ്യാഭ്യാസം നേടുന്നതിലൂടെ കേവലം ധനാഗമം മാത്രമാണ് ലക്ഷ്യമാക്കുന്നത്. ഈ ധനാദികൾ ശാശ്വതമല്ലെന്നും സാംസ്കാരിക അടിത്തറയില്ലാത്ത വിദ്യാഭ്യാസം മൂലം മനുഷ്യൻ പഥഭ്രഷ്ടനായി പിശാചായി മാറുന്നുവെന്നും പലരും വേണ്ടത്ര ഗൗരവത്തോടെ കാണുന്നില്ല. രക്ഷകൻ ഭക്ഷകനായും ജീവൻ നൽകുന്നവൻ (ഡോക്ടർ) ജീവാന്തകനായും അദ്ധ്യാപകൻ അനാചാരിയും വിദ്യാർത്ഥി വിനയമില്ലാത്തവനായും മാറുന്നു.

ഭാരതത്തിന്റെ പൂർവ്വവൈഭവം തിരിച്ചുകൊണ്ടുവരുന്നതിന് വൈദിക വിദ്യാഭ്യാസ പദ്ധതിയിലേക്ക് മടങ്ങേണ്ടത് അത്യാവശ്യമാണെന്ന് സാമൂഹ്യ നവോത്ഥാന നായകനായ മഹർഷി ദയാനന്ദ സരസ്വതി ഉറക്കെ പ്രഖ്യാപിച്ചു. അതിനായി പ്രാചീന ആർഷപരമ്പരയിലടിയുറച്ച ഗുരുകുലങ്ങൾ സ്ഥാപിച്ചു. തുടർന്ന് അദ്ദേഹത്തിന്റെ പ്രിയശിഷ്യന്മാരായ സ്വാമി ശ്രദ്ധാനന്ദൻ, മഹാത്മാ ഹൻസ് രാജ്, പണ്ഡിറ്റ് ലേഖ്റാം, ഗുരുദത്ത് വിദ്യാർത്ഥി എന്നിവർ ഈ ഗുരുകുലപരമ്പര കൂടുതൽ പ്രബലവും പ്രചരിതവുമാക്കി. എന്നാൽ ഇത്തരത്തിലുള്ള പ്രയത്നം കേരളം, തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങളിൽ വേണ്ടത്ര പ്രചരിപ്പിക്കാനായില്ല. വേദബന്ധു ശർമ്മ, ആചാര്യ നരേന്ദ്ര ഭൂഷൺ, കീഴാനെല്ലൂർ പരമേശ്വരൻ നമ്പൂതിരി, ആര്യ ഭാസ്കർജി തുടങ്ങിയ ആര്യസമാജഗുരുകുല ശിക്ഷണം ലഭിച്ചവർ ഈ പദ്ധതിക്കു വേണ്ടി ഒരുപാട് കഠിനാദ്ധ്വാനം ചെയ്തിട്ടുണ്ട്. ഏതാനും പ്രവർത്തനം തുടങ്ങുകയും ചെയ്തു. പക്ഷെ അവ അധികകാലം നീണ്ടുനിന്നില്ല. കേരളത്തിന്റെ പ്രത്യേക പരിസ്ഥിതിയായിരുന്നു അതിന്റെ മുഖ്യകാരണം. ആ മഹാത്മാക്കൾ തുടങ്ങിവെച്ച പ്രവർത്തനത്തേ നമുക്ക് മുന്നോട്ട് കൊണ്ടു പോകണം.

കേരളത്തിൽ ആര്യസമാജത്തിന്റെ പ്രവർത്തനം ഉണർന്നെഴുന്നേൽക്കുന്ന ഈ അവസരത്തിൽ മഹർഷി ദയാനന്ദന്റെ അരുമശിഷ്യനും വേദപ്രചാരണത്തിനിടെ രക്തസാക്ഷിയുമായ പണ്ഡിറ്റ് ലേഖ്റാമിന്റെ നാമധേയത്തിൽ ഒരു വൈദിക ഗുരുകുലം ‘പണ്ഡിറ്റ് ലേഖ്റാം ആർഷ ഗുരുകുൽ മഹാവിദ്യാലയ’

*മനുർഭവ ജനയാ ദൈവ്യം ജനം (ഋഗ്വേദം 10.53.6)*
*മനുഷ്യനാകൂ! ദിവ്യഗുണശാലികളായ സന്താനങ്ങൾക്ക് ജന്മമേകൂ!*





കേരളത്തിൽ പ്രവർത്തനം തുടങ്ങിയിരിക്കുന്നുവെന്നത് എല്ലാ വേദധർമ്മികൾക്കും സന്തോഷം നൽകുന്നതാണ്. ഈ പ്രവർത്തനത്തിന് ജഗദീശ്വരൻ എല്ലാ മാർഗ്ഗദർശനങ്ങളും അനുഗ്രഹവും നൽകട്ടെ.

“സാ വിദ്യാ യാ വിമുക്തയേ” ഏതൊന്നാണോ സമസ്തദുഃഖങ്ങളേയും ഇല്ലാതാക്കി ശാശ്വത സുഖവും ശാന്തിയും പ്രദാനം ചെയ്യുന്നത് അതാണ് വിദ്യ.

**പത്രാധിപർ**

# ആര്യസമാജത്തിന്റെ നിയമങ്ങളും ലക്ഷ്യവും

## ഈശ്വരൻ

1. ഈശ്വരൻ ഒന്നേയുള്ളു പലതില്ല.
2. ഈശ്വരൻ നിരാകാരനാണ്. അദ്ദേഹത്തേ കണ്ണുകൾ കൊണ്ട് ദർശിക്കാനാവില്ല. അദ്ദേഹത്തിന്റെ വിഗ്രഹം നിർമ്മിക്കുകയും സാദ്ധ്യമല്ല.
3. ഈശ്വരൻ സർവ്വജ്ഞനും സർവ്വവ്യാപകനുമാണ്. അദ്ദേഹം എല്ലാമറിയുന്നു. ഏറ്റവും ചെറിയ പരമാണുവിനകത്തും പുറത്തും തൂണിലും തുരുമ്പിലുമെല്ലാം അദ്ദേഹം ഉണ്ട്.
4. ഈശ്വരൻ സർവ്വശക്തിമാനാണ്. പ്രവൃത്തികൾ ചെയ്യുന്നതിന് അദ്ദേഹത്തിന് കണ്ണ്, മൂക്ക്, നാക്ക്, ശരീരം എന്നിവയുടെ ആവശ്യമില്ല. മറ്റാരുടേയും സഹായമില്ലാതെ സ്വയം പ്രവർത്തിക്കാൻ അദ്ദേഹം സമർത്ഥനാണ്.
5. ഈശ്വരൻ ജന്മരഹിതനും നിർവ്വികാരനുമാണ്. അവതാരമെടുക്കുകയുമില്ല. എല്ലായിടത്തും സദാ നിറഞ്ഞുനിൽക്കുന്ന അദ്ദേഹം ഒരു പ്രത്യേകസ്ഥലത്ത് അവതരിക്കുന്നതെങ്ങിനെ? ശ്രീരാമനും ശ്രീകൃഷ്ണനും ലോകം കണ്ട മഹാപുരുഷൻമാരാണ്. അവർ ഈശ്വരാവതാരങ്ങളല്ല. അവർ അനുഷ്ഠിച്ച സദ് പ്രവൃത്തികളെ അനുസ്മരിച്ച് സ്വജീവിതത്തിൽ പകർത്തുകയാണ് വേണ്ടത്. വിഗ്രഹമുണ്ടാക്കി പൂജിക്കുകയല്ല.


## ജീവാത്മാവ്

1. ജീവാത്മാവ് ചേതനവസ്തുവാണ്. അസംഖ്യവുമാണ്.
2. ജീവാത്മാവിന് ജനന മരണങ്ങളില്ല.
3. ജീവാത്മാവിന് ജ്ഞാനം ഉണ്ട്. പക്ഷെ വളരെകുറച്ച് മാത്രം. ശക്തിയുമുണ്ട്. വളരെ കുറച്ച്മാത്രം. അതിനാൽ ജീവാത്മാവ് അല്പജ്ഞനാണ്.

(തുടരും)

**കുർവന്നേവേഹ കർമ്മാണി ജിജീവിഷേച്ഛതങ് സമാഃ *(യജു. 40 – 2)* നിസ്വാർത്ഥമായ ധാർമ്മിക പ്രവർത്തനങ്ങൾ നടത്തിക്കൊണ്ട് നാം നൂറുവർഷം ജീവിക്കുമാറാകട്ടെ!**

*(മുൻ ലക്കത്തിന്റെ തുടർച്ച)*



# ധർമ്മ പാഠങ്ങൾ

## (വൈദികധർമ്മ പ്രശ്നോത്തരി)

***– പണ്ഡിറ്റ് ധർമ്മദേവ് വിദ്യാവാചസ്പതി***

***തർജ്ജമ: കെ.എം. രാജൻ***

**പാഠം- 7** ***വൈദികധർമ്മത്തിലെ മുഖ്യ ശിക്ഷണങ്ങൾ***

***ചോദ്യം: ബലിവൈശ്വദേവ യജ്ഞം എന്താണ്? ഇതിന്റെ ലാഭമെന്താണ്?***

***ഉത്തരം:*** സർവ്വപ്രാണികളേയും മിത്രദൃഷ്ടിയോടെ കണ്ട് അവയ്ക്ക് തന്റെ ഭക്ഷണത്തിൽ നിന്നൊരുഭാഗം നൽകണം. പശു, കാക്ക തുടങ്ങിയ പ്രാണികൾക്ക് ബലി അഥവാ ഭക്ഷണം നൽകണം. മനുഷ്യർ സർവ്വപ്രാണികളേയും തന്റേതിനോട് സമാനമായ ആത്മാവായി കണ്ട് അവയോട് പ്രേമപൂർവ്വം പെരുമാറണം.

***ചോദ്യം: പിതൃയജ്ഞം എന്നു പറയുന്നത് എന്താണ്? ഇതിന്റെ ലാഭമെന്താണ്?***

***ഉത്തരം:*** ശ്രദ്ധാഭക്തിയോടെ മാതാപിതാക്കൾ, ആചാര്യൻമാർ, ഗുരുജനങ്ങൾ എന്നിവരേ സേവിക്കലാണിത്. ഇത്തരത്തിൽ അവരുടെ ആശിർവ്വാദം ലഭിക്കുന്നു. അവരോടുള്ള കടമ മനുഷ്യൻ അങ്ങിനെ നിറവേറ്റുന്നു.

***ചോദ്യം: പിതരർ എത്ര പേരുണ്ട്?***

***ഉത്തരം:*** പിതരർ എന്നതിന്റെ ശബ്ദാർത്ഥം രക്ഷകൻ എന്നാണ്. ശാസ്ത്രങ്ങളിൽ പ്രധാനമായും അഞ്ചുതരത്തിൽ അവരേക്കുറിച്ച് പറയുന്നു.

ജനകശ്ചോപനേതാ ച യശ്ച വിദ്യാം പ്രയച്ഛതി|
അന്നദാതാ ഭയത്രാതാ പഞ്ചൈതേ പിതരഃ സ്മൃതാഃ ||

(ചാണക്യനീതി 5.22)

അർത്ഥം: പിതാവ്, ആചാര്യൻ, വിദ്യഅഭ്യസിപ്പിക്കുന്ന അദ്ധ്യാപകൻ, അന്നം നൽകുന്നവൻ, ഭയത്തിൽ നിന്ന് രക്ഷ നൽകുന്നവൻ എന്നിങ്ങനെ അഞ്ചു പേരെയാണ് പിതരർ എന്നു പറയുന്നത്.

***ചോദ്യം: പിതൃയജ്ഞവും ശ്രാദ്ധവും ഒന്നു തന്നെയാണോ? മരിച്ചു പോയ പിതൃക്കൾക്ക് തൃപ്തി വരുത്താനായി ചെയ്യുന്ന ശ്രാദ്ധം വേദവിധിപ്രകാരമുള്ളതാണോ?***

***ഉത്തരം:*** പിതൃയജ്ഞവും ശ്രാദ്ധവും ഒന്നുതന്നെയാണ്. ശ്രദ്ധാഭക്തിയോടു കൂടി മാതാപിതാക്കളേയും ഗുരുജനങ്ങളേയും സേവിക്കുന്നതാണ് ശ്രാദ്ധം. ഇത് നിത്യേന ചെയ്യേണ്ടുന്ന യജ്ഞമാണ്. മരിച്ചുപോയവർക്ക് തൃപ്തിവരുത്തുന്നതിനായി വർഷത്തിൽ 15,16 ദിവസങ്ങളിൽ ശ്രാദ്ധമനുഷ്ഠിക്കുകയും ഇവർക്കായി ബ്രാഹ്മണർക്ക് ഭക്ഷണം നൽകുന്നതുവഴി പിതൃക്കൾക്കിത് ലഭിക്കുമെന്നും അല്ലെങ്കിൽ മരിച്ചുപോയവർ പട്ടിണിയാകുമെന്നുമുള്ള വിശ്വാസം അന്ധവിശ്വാസവും വേദവിരുദ്ധവുമാണ്. ഓരോ വ്യക്തിക്കും തങ്ങളുടെ കർമ്മഫലം സ്വയം അനുഭവിച്ചുതീർക്കണം. ബ്രാഹ്മണരുടെ വയറ് മരിച്ചുപോയ പിതൃക്കൾക്ക് ഭക്ഷണമെത്തിക്കാനുള്ള തപാൽ പെട്ടിയല്ല.

***ചോദ്യം: അതിഥിയജ്ഞമെന്നു പറയുന്നതെന്താണ്?***

***ഉത്തരം:*** തിഥിയില്ലാതെ (മുൻകൂട്ടി നിശ്ചയിച്ച് തിയ്യതി ഉറപ്പിക്കാതെ) വീട്ടിൽ വരുന്ന പണ്ഡിതർ, ധർമ്മാത്മാക്കൾ, സദാചാരികളായ സത്യോപദേശകർ എന്നിവർ വീട്ടിൽ വന്നാൽ അവരെ സ്നേഹപൂർവ്വം ആദരിച്ച് സത്ക്കരിക്കുന്നതാണ് അതിഥിയജ്ഞം. ഈ പഞ്ചമഹായജ്ഞങ്ങൾ അനുഷ്ഠിക്കുക ഓരോ ഗൃഹസ്ഥന്റേയും കർത്തവ്യമാണ്.

*(തുടരും)*

*മാതാ ഭൂമിഃ പുത്രോ അഹം പൃഥിവ്യാഃ സാ നോ ഭൂമിർ വർദ്ധയദ് വർദ്ധമാനാ*
*(അഥർവ്വം. 12.1.12,13) ഭൂമി എന്റെ അമ്മയാണ്. ഞാൻ ആ അമ്മയുടെ മകനാണ്*
*ഈ ഭൂമി മാതാവിന്റെ ഉൽക്കർഷമാണ് എന്റേയും ഉൽക്കർഷം*

## ആര്യാവർത്തത്തിന്റെ അതിർത്തികൾ

പടിഞ്ഞാറ് ഭാഗത്ത് സരസ്വതിയും – അതായത് സിന്ധു നദിയും അടക നഗരവും കിഴക്ക് ഭാഗത്ത് ദൃഷദ്വതിയും – അതായത് നേപ്പാളിന് കിഴക്കുള്ള പർവ്വതങ്ങളിൽ നിന്ന് പുറപ്പെട്ട് ബംഗാൾ, ആസ്സാം എന്നീ ദേശങ്ങളുടെ കിഴക്ക് ഭാഗത്ത് കൂടിയും ബർമ്മയുടെ പടിഞ്ഞാറ് ഭാഗത്ത് കൂടിയും പ്രവഹിച്ച് തെക്കേ സമുദ്രത്തിൽ വീഴുന്നതും – ആര്യാവർത്തത്തിന്റെ അതിരുകളാവുന്നു. ഹിമവാൻ, വിന്ധ്യൻ എന്നീ പർവ്വതങ്ങളുടെ മദ്ധ്യഭാഗത്തിലുള്ളതും തെക്കോട്ട് രാമേശ്വരം വരെ വിന്ധ്യാചലത്തിനുള്ളിൽ നീണ്ടുകിടക്കുന്നതുമായ നാടുമുഴുവനും ആര്യവർത്തമെന്ന് പറയപ്പെടുന്നു. കാരണം അത് ആര്യന്മാർ – ദേവന്മാർ അഥവാ വിദ്വാന്മാർ നിർമ്മിച്ചതും വസിക്കുന്നതുമായിരുന്നു.

**(മനുസ്മൃതി, 2–17), (സത്യാർത്ഥപ്രകാശം എട്ടാം സമുല്ലാസം)**

*ഹിരൺമയേനപാത്രേണ സത്യസ്യാപിഹിതം മുഖമ് (യജുർവ്വേദം 40.17)*
*സത്യത്തിന്റെ മുഖം സ്വർണ്ണമയമായ അടപ്പിനാൽ മൂടപ്പെട്ടിരിക്കുന്നു.*

www.aryavaidyasala.com

Kottakkal
ayurveda

കോട്ടയ്ക്കലിന്റെ
സാന്ത്വനസ്പർശം



ആയുർവേദം ആധികാരികമാർഗം

വൈദ്യരത്നം പി.എസ്. വാരിയരുടെ
ആര്യവൈദ്യശാല
ESTD 1902 കോട്ടയ്ക്കൽ-676 503



Tel: 0483-2808000, 2742216, Fax:2742572, 2742210
E-mail: mail@aryavaidyasala.com / info@aryavaidyasala.com

Our Branch Clinics across the country

**Ahmedabad**- 079 27489450, **Aluva** - 0484 2623549, **Bangalore** - 080 26572956, **Chennai** - 044 26411226, **Coimbatore** - 0422 2491594, **Ernakulam** - 0484, 2375674, **Kannur** - 0497 2761164, **Kolkata** - 033 24630661, **Kottakkal** - 0483 2743380, **Kottayam** - 0481 2574817, **Kozhikode** - 0495 2302666, **Kozhikode** - 0495 2720664, **Kozhikode** - 0495 2723450, **Madurai** - 0452 2623123, **Mangalore** - 0824 2443140, **Mumbai, Sion (E)** - 022 24075195, **Mumbai, Vashi** - 022-27814542, **Mysore** - 0821-2331062, **New Delhi** - 011 24621790, **Palakkad** - 0491 2502404, **Palakkad** - 0491 2527084, **Secunderabad** - 040 27722226, **Thiruvananthapuram** - 0471 2463439, **Thrissur** - 0487-2380950, **Tirur** - 0494 2422231


***Na thasya Pratima Asthi Yasya Nama Mahadyashah (Yajurved 32-3)***
***There is no measure, no image of that GOD whose name is Great***





# ആര്യ മിഷനറി
# കെ. വേലായുധ ആര്യക്ക് ശ്രദ്ധാഞ്ജലി

*ദയാനന്ദസന്ദേശം പ്രവർത്തകർ*



**നി**ഷ്ഠാവാനായ വേദപണ്ഡിതനും ദയാനന്ദ സന്ദേശത്തിന്റെ മുഖ്യ പത്രാധിപരും കേരളത്തിലെ ആര്യ സമാജ പ്രവർത്തനങ്ങൾക്ക് അവസാനശ്വാസം വരെ നേതൃത്വം നൽകുകയും ചെയ്തിരുന്ന വേലായുധ ആര്യ കഴിഞ്ഞ മെയ് 12 ന് നിര്യാതനായി. വേദബന്ധുശർമ്മ, ബുദ്ധസിംഹൻ, ആചാര്യ നരേന്ദ്രഭൂഷൺ, കീഴാനെല്ലൂർ പരമേശ്വരൻ നമ്പൂതിരി, ആചാര്യ ആര്യഭാസ്കർജി എന്നീ മഹാരഥൻമാരുടെ ശ്രേണിയിലെ അവസാനത്തേ കണ്ണി യെയാണ് വേലായുധാര്യയുടെ നിധനത്തിലൂടെ കേരളത്തിനും വിശിഷ്യാ ആര്യജഗത്തിനും നഷ്ടപ്പെട്ടിരിക്കുന്നത്.

കേരളത്തിൽ ആര്യസമാജത്തിന്റെ സംഘടനാ പ്രവർത്തനം ശക്തമാക്കു ന്നതിനായി രൂപീകരിച്ച കേരള ആര്യ പ്രതിനിധി സഭ അഡ്ഹോക്ക് കമ്മിറ്റി യുടെ രക്ഷാധികാരി കൂടിയായിരുന്ന അദ്ദേഹം യഥാവസരങ്ങളിൽ വ്യക്ത മായ മാർഗ്ഗദർശനം നൽകിയിരുന്നു. വേദങ്ങൾ യാഥാസ്ഥിതികരുടെ അടച്ചു വച്ച പൂജാമുറികളിൽ നിന്ന് പുറത്തുകൊണ്ടുവന്ന് സാധാരണക്കാരിലെത്തി ക്കുന്നതിന് ശക്തമായ ആര്യസമാജം ഉണ്ടാവേണ്ടത് അത്യാവശ്യമാണെന്ന ദ്ദേഹം ഉറപ്പിച്ചുപറയുമായിരുന്നു. അതിന്റെ തുടക്കമെന്ന നിലയിൽ വ്യവസ്ഥാ പിത രീതിയിൽ വെള്ളിനേഴിയിൽ ഒരു ആര്യസമാജം ആരംഭിക്കണമെന്നും മഹർഷി ദയാനന്ദന്റെ സന്ദേശം ജനങ്ങളിലെത്തിക്കുന്നതിനായി ഒരു ചെറിയ പത്രിക-ആര്യസന്ദേശമെന്ന പേരിൽ തുടങ്ങണമെന്നുമുള്ള അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരമാണ് രജിസ്ട്രർ ചെയ്ത ഒരു ആര്യസമാജവും വെറും 4 പേജു മാത്രമായി 2012 ജൂൺ മാസത്തിൽ സ്വർഗ്ഗീയ കീഴാനെല്ലൂർ പരമേശ്വരൻ നമ്പൂ തിരിയുടെ കരകമലങ്ങളാൽ ആര്യസന്ദേശവും പ്രകാശനമാരംഭിച്ചത്. ക്രമേണ അത് 8 പേജാക്കി രജിസ്ട്രാർ ഓഫ് ന്യൂസ് പേപ്പേഴ്സിന്റെ അംഗീകാരത്തിന പേക്ഷിച്ചപ്പോൾ ആര്യസന്ദേശമെന്നതിനു പകരം ദയാനന്ദ സന്ദേശം എന്ന പേരാണ് അനുവദിച്ചുകിട്ടിയത്. തുടർന്നതിനെ ഇന്നു കാണുന്ന രൂപത്തിലാ ക്കുന്നതിന്റെ പ്രധാന ചാലകശക്തി വേലായുധ ആര്യ തന്നെയായിരുന്നു.

1930 ആഗസ്റ്റ് 6 ന് പൊയിലിൽ കുട്ടൻനായരുടേയും കിഴുവാലത്തു അമ്മാളുഅമ്മയുടേയും പുത്രനായി ജനിച്ച അദ്ദേഹം 1949-51 ൽ ഇന്റർമീഡി

***Ma Bhrathaa Bhraatharam dvikshan Maa swasaara mutha swasaa***
***(Atharva Veda 3.30.3) Let not a brother hate his brother and***
***let not a sister hate her sister***

യറ്റ് പാസ്സായി മദ്രാസിൽ പോസ്റ്റൽഡിപ്പാർട്ടമെന്റിൽ ജോലിയിൽ പ്രവേശിച്ചു. 1988 ലാണ് അദ്ദേഹം വിരമിച്ചത്. മദ്രാസിലെ വാസക്കാലത്ത് അദ്ദേഹം ആര്യസമാജവുമായി സമ്പർക്കത്തിൽ വരികയും അവിടത്തെ പ്രവർത്തനങ്ങളിൽ സജീവമാവുകയും ചെയ്തു. 1970 ൽ അസിസ്റ്റന്റ് ജനറൽ സെക്രട്ടറിയായി. വേദജ്യോതി എന്ന മാസികയുടെ അസിസ്റ്റന്റ് എഡിറ്ററായി (1971–77) പ്രവർത്തിച്ച അദ്ദേഹം 'ദയാനന്ദമിഷൻ' എന്ന ഒരു സംഘടനയും സ്ഥാപിച്ചു. നിരവധി ലേഖനങ്ങൾ വിവിധ മാസികകളിലായി പ്രസിദ്ധീകരിച്ച അദ്ദേഹത്തിന്റെ പ്രധാന കൃതികൾ ഇവയാണ്. ഋഗ്വേദാദി ഭാഷ്യഭൂമിക (തമിഴ്), മഹർഷി ദയാനന്ദന്റെ യജുർവ്വേദഭാഷ്യം (തമിഴ്), വൈദിക ഗീത, പൂനാപ്രസംഗങ്ങൾ (ഉപദേശമഞ്ജരി-തമിഴ്), സ്വാമി ബ്രഹ്മമുനിയുടെ അഥർവ്വവേദ മന്ത്രവിദ്യ ഭാഷ്യം, പണ്ഡിറ്റ് വിശ്വനാഥ് വിദ്യാമാർത്താണ്ഡിന്റെ അഥർവ്വവേദ പരിചയം ഭാഷ്യം,. ആചാര്യ ദേവ്പ്രകാശിന്റെ 'ഖുറാൻ പരിചയ്' എന്ന ഹിന്ദി ഗ്രന്ഥത്തിന്റെ തർജ്ജമ നടന്നുകൊണ്ടിരിക്കുകയായിരുന്നു. കേരളത്തിലെ ഒരു യുവ ആര്യമിഷനറി മലയാളത്തിലാക്കികൊണ്ടിരിക്കുന്ന 'രംഗീല റസൂൽ' എന്ന പണ്ഡിറ്റ് ചമുപതിജിയുടെ ഉറുദു ഗ്രന്ഥത്തിന്റെ പ്രൂഫ് പരിശോധന നടന്നുവരികയായിരുന്നു.

1980 കളിൽ മീനാക്ഷിപുരത്ത് നടന്ന വ്യാപക മതംമാറ്റത്തിനെതിരെ ആര്യസമാജത്തിന്റെ നേതൃത്വത്തിൽ നടന്ന രക്ഷാപ്രവർത്തനങ്ങളിൽ വേലായുധാര്യ മുൻപന്തിയിലുണ്ടായിരുന്നു.

ആര്യ മിഷിനറി വേലായുധാര്യ തുടങ്ങിവെച്ച പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജ്വസ്വലതയോടെ മുന്നോട്ട് കൊണ്ടുപോകലാണ് അദ്ദേഹത്തിനോടുള്ള നമ്മുടെ യഥാർത്ഥ ശ്രദ്ധാഞ്ജലി. അതിന് സർവ്വേശ്വരൻ നമുക്ക് അനുഗ്രഹം ചൊരിയട്ടെ.

## സത്യാർത്ഥ പ്രകാശം

ഈ യുഗത്തിൽ ദിവ്യാത്ഭുതങ്ങളെ വെല്ലുവിളിച്ച ഒന്നാമത്തെ കൃതി സത്യാർത്ഥ പ്രകാശമാണ്. തർക്കത്തിന്റെ തുലാസിൽ യുക്തിയുടെ തൂക്കുകട്ടികൊണ്ട് മതവിശ്വാസങ്ങളുടെ സത്യത്തിന്റെ തൂക്കമെത്രയെന്ന് നിർണ്ണയിച്ച് സ്വന്തം മതത്തിന്റെയും അന്യമതങ്ങളുടേയും കടയിളക്കികളപറിച്ച് വളമിട്ടുകൊടുത്ത ലോകത്തിലെ പ്രഥമ ചിന്തകനാണ് മഹർഷി ദയാനന്ദ സരസ്വതി.

*പ്രൊഫസർ രാജേന്ദ്ര ജിജ്ഞാസു*

***Om Krinvantho Vishwamaaryam (Rigveda 9.63.5)***
***Make this world Enlightened.***






*(മുൻ ലക്കത്തിന്റെ തുടർച്ച)*

## ? = സംശയ നിവാരിണി
### സംശയങ്ങളിൽ നിന്ന് നിവാരണത്തിലേക്ക്

**മദൻ രഹേജ**
തർജ്ജമ: സുരി



***ചോദ്യം 16 : പരമാത്മാവ് അനാദിയും അനന്തനുമാണെന്നുള്ളതിനുള്ള വേദപ്രമാണമെന്താണ്?***

ഉത്തരം: പരമാത്മാവ് അനാദിയും അനന്തനുമാണെന്നു കാണിക്കുന്ന അനേകം മന്ത്രങ്ങൾ വേദങ്ങളിലുണ്ട്. ഉദാഹരണമായി ചില മന്ത്രങ്ങൾ താഴെ കൊടുക്കുന്നു.

"പരമം വ്യോമ"| (യജുർവ്വേദം 26.62)
ഋചോ അക്ഷരേ പരമേ വ്യോമൻ (ഋഗ്വേദം 1.164.39)
ത്വമസ്യ പാരേ രജസോ വ്യോമനഃ (ഋഗ്വേദം 1.5.2.12)
യോ അസ്യാദ്ധ്യക്ഷഃ പരമേ വ്യോമൻ (ഋഗ്വേദം 10.129.7)
സ ഭൂമി സർവ്വത സ്പൃത്വാ (യജൂർവ്വേദം 31.1)
നാഭ്യാ ആസീദന്തരിക്ഷ ശീർഷ്ണോ ദ്യൗഃ സമർത്തത
(യജൂർവ്വേദം 31.13)

പൂർണ്ണമദഃ പൂർണ്ണമിദം പൂർണ്ണാത് പൂർണ്ണമുദച്യതേ |
പൂർണ്ണസ്യ പൂർണ്ണമാദായ പൂർണ്ണമേവാവശിഷ്യതേ ||

ഇപ്രകാരം സർവ്വദിക്കിലും വ്യാപിച്ചിരിക്കുന്ന ആ പരമപിതാവായ പരമാത്മാവ് ആദ്യന്ത വിഹീനനാണ്. ഗണിത ശാസ്ത്രമനുസരിച്ച് അനന്തതയിൽ നിന്ന് അനന്തത്തേ കുറച്ചാൽ ശേഷിക്കുന്നതും അനന്തത തന്നെയാണ്. (ഋഗ്വേദം 10.8.12), (ഋഗ്വേദം 1.100.15), (ഋഗ്വേദം 1.52.14), (ഋഗ്വേദം 6.27.3), മേൽപറഞ്ഞ വേദമന്ത്രങ്ങളിൽ നിന്നെല്ലാം ഈശ്വരൻ അനാദിയും അനന്തനുമാണെന്ന കാര്യം സ്ഥിരീകരിക്കപ്പെടുന്നു.

ചോദ്യം 17: ശരീരത്തിൽ ഈശ്വരൻ എവിടേയാണ് വസിക്കുന്നത്?

ഉത്തരം: ഇന്ദ്രം ന യജ്ഞശ്ചിതയന്ത ആയവഃ (ഋഗ്വേദം 1.131.12) അതായത് മനുഷ്യർ യജ്ഞത്തിലൂടെ ഈശ്വരനേ ഹൃദയത്തിൽ പ്രകാശിപ്പിക്കുന്നു.

*(തുടരും)*

*വയം രാഷ്ട്രേ ജാഗൃയാമ പുരോഹിതാഃ (യജുർവ്വേദം 9. 23)*
*എല്ലാവർക്കും ഹിതകാരികളായ നമ്മൾ രാഷ്ട്രത്തെ നിരന്തരം ജാഗൃതരാക്കാം.*

(മുൻലക്കത്തിന്റെ തുടർച്ച)

# ജീവിതം ഒരലയാഴി

ആചാര്യ കീഴാനെല്ലൂർ പരമേശ്വരൻ നമ്പൂതിരി

## അദ്ധ്യായം 2



**അ**യാൾ ബസ്സ്റ്റോപ്പിലെത്തി. ബസ് കാത്തു നിൽക്കുകയാണ്. ആ ചെറിയ ബസ്സ്റ്റോപ്പ്-ജനസേവനത്തിന്റെ മറപിടിച്ച് സമ്പാദ്യപദ്ധതി നടപ്പിലാക്കാൻ പഞ്ചായത്തധികൃതർ ആയിരത്തിന് പതിനായിരത്തിന്റെ കള്ളകണക്കെഴുതിയുണ്ടാക്കി മന്ത്രിവര്യനെ കൊണ്ട് ഉദ്ഘാടനം സാഘോഷം നടത്തിച്ച ഒരു കൂരപ്പുര-ഒരു നഗരസഭയുടെ തന്നെ പ്രതീതിയുളവാക്കുന്ന കർഷകർ, കൂലിക്കാർ, ശാസ്ത്രസാങ്കേതിക വിദ്വദ്ജനം എന്നു വേണ്ട ലോകത്തുള്ള എല്ലാതരം ജനങ്ങളും അവിടെയുണ്ട്. ചിലർ രാഷ്ട്രീയം പ്രസംഗിക്കുന്നു. ശാസ്ത്രപുരോഗതിയാണ് ചിലരുടെ വിഷയം. മറ്റു ചിലർ കലാ-സാംസ്കാരിക പ്രാസംഗികരാണ്. കണ്ടാൽ അദ്ധ്യാപകരെന്നു തോന്നിക്കുന്ന രണ്ടുപേരുടെ ചർച്ച പാച്ചനേ ആകർഷിച്ചു.

ഇന്നത്തെ വിദ്യാഭ്യാസം-എന്തു വിദ്യാഭ്യാസമാണ്? കുത്തഴിഞ്ഞ പുസ്തകം പോലെ കഷ്ടം! സംസ്കാരത്തേ വളർത്തിനന്നാക്കാനുള്ള വളമല്ലേ വിദ്യാഭ്യാസം. അത് സുതാര്യമാക്കാതെ കച്ചവടമാക്കിയാലോ? ഒന്നാമൻ ആവലാതിപ്പെട്ടു.

"എല്ലാം പച്ചകപടമാണ് സാറേ, തനി ബിസിനസ്സ്. മാതാപിതാക്കളും ഭാര്യഭർത്താക്കന്മാരും സഹോദരീസഹോദരൻമാരും എല്ലാമെല്ലാം ബിസിനസ്സായിരിക്കുന്ന സ്ഥിതിക്ക് വിദ്യാഭ്യാസവും ബിസിനസ്സായതിൽ അത്ഭുതപ്പെടാനുണ്ടോ?" രണ്ടാമൻ വെറുപ്പും പരിഹാസവും കലർന്ന സ്വരത്തിലാണ് പറഞ്ഞത്.

"ശരിയാണ്" ഒന്നാമൻ തലകുലുക്കി സമ്മതം മൂളി ആവേശത്തോടെ തുടർന്നു. "എല്ലാം കച്ചവടം അതായത് സർവ്വം കപടമയമായിരിക്കുന്നു. എന്തിനധികം ഈശ്വരനും കർത്താവും ദൈവവും കൂടി. പണമാണ് സർവ്വേശ്വരൻ. അതെങ്ങിനെ ഉണ്ടാകുന്നു. അഥവാ ഉണ്ടാക്കുന്നു എന്നത് ഒരു പ്രശ്നമേയല്ല. കട്ടാലും, കവർന്നാലും, കൊന്നാലും, കൊള്ളയടിച്ചാലും വിരോധമില്ല. പണമുണ്ടോ, അവന് സമൂഹത്തിൽ കസേരയുണ്ട്."

"പാശ്ചാത്യ സംസ്കാരത്തിന്റെ അതായത് വൈയ്യവസായികസംസ്കാരത്തിന്റെ അതിപ്രസരമാണത്." രണ്ടാമന്റെ സ്വരത്തിൽ ഗൗരവം തുളുമ്പിയിരുന്നു. "അതെങ്ങിനെ മാറ്റാനാവും? പിടിച്ചാൽ പിടികിട്ടാത്തത്ര വളർന്നുകഴിഞ്ഞിരിക്കുന്നു അത്. പ്രളയം തന്നെ വേണ്ടിവരും. അല്ലാതെ നടക്കുമെന്ന് തോന്നുന്നില്ല." ഒന്നാമൻ നിസ്സഹായത പ്രകടിപ്പിച്ചുകൊണ്ട് കൈമലർത്തി.

*(തുടരും)*

**ഓം ആ നോ ഭദ്രാഃ കൃതവോ യന്തു വിശ്വതഃ (യജുർവ്വേദം 25.14)**
**ലോകത്തെല്ലായിടത്തുനിന്നുമുള്ള അറിവുകൾ ഞങ്ങളിലേക്ക് പ്രവഹിക്കട്ടെ**





(മുൻ ലക്കത്തിന്റെ തുടർച്ച)

# ഉപദേശ മഞ്ജരി അഥവാ പൂനാപ്രവചനം

മഹർഷി ദയാനന്ദ സരസ്വതി
തർജ്ജമ: കെ.എം. രാജൻ

## നാലാം പ്രഭാഷണം (ധർമ്മാധർമ്മം)



**പൂർണ്ണത്വാത് പുരിശയനാദ് വാ പുരുഷഃ |**

(ഇത് നിരുക്ത പ്രമാണമാണ്. നിരുക്തത്തിലെ നാമത്തിൽ നിന്നെടുത്ത പാഠത്തിന്റെ അനുവാദമാണിത്. നിരുക്തം മൂലപാഠം ഇപ്രകാരമാണ്. പുരുഷഃ പുരിഷാദഃ, പുരിശയഃ പുരയതേർവാ പൂരയത്യന്തരിത്യന്തര പുരുഷമഭിപ്രേത്യ(2.3)

ആ പുരുഷന്റെ മുഖം അർത്ഥാത് മുഖ്യസ്ഥാനം-വിദ്വാൻ എന്നർത്ഥം-ജ്ഞാനവാൻ ആണ് ബ്രാഹ്മണൻ. ശതപഥ ബ്രാഹ്മണത്തിൽ 'ബാഹു' എന്നതിന് 'വീര്യം' എന്നർത്ഥം നൽകിയിട്ടുണ്ട്. (ബാഹുർവ്വേ വീര്യമ്). വീര്യവാനാണ് ക്ഷത്രിയൻ എന്നത് ഇതിൽ നിന്ന് സ്പഷ്ടമാണ്. വ്യാവഹാരിക വിദ്യയിൽ ചതുരനായവൻ വൈശ്യൻ. ഇനി 'പദ്ഭ്യാം ശൂദ്രോ അജായത' ഇവിടെ 'പദ' മെന്നതിന് താഴത്താണ് എന്ന് പറഞ്ഞ് വിഡ്ഢിയാണ് ശൂദ്രൻ എന്നർത്ഥമാക്കുന്നത് എങ്ങിനേയാണ്? 'യാനി തീർത്ഥാനി സാഗരേ താനി ബ്രാഹ്മണസ്യ ദക്ഷിണേ പദേ' ഇവിടെ പദമെന്നതിന് എത്രമഹത്വമാണ് നൽകിയിരിക്കുന്നത് എന്ന് നോക്കുക. ശൂദ്രൻ എന്നതിന് വിദ്യഭ്യാസം നേടാനാവാത്തവൻ എന്നതിനുപുറമേ മനു പറയുന്ന ലക്ഷണം കൂടി നോക്കാം.

ശൂദ്രോ ബ്രാഹ്മണതാ മേതി ബ്രാഹ്മണശ്ചേതി ശൂദ്രതാമ്|
ക്ഷത്രിയാജ്ജാതമേവം തു വിദ്യാദ് വൈശ്യാത് തഥൈവ ച ||

(മനുസ്മൃതി 10.56)

എല്ലാവർണ്ണങ്ങളുടേയും അധ്യയനകാലം ബ്രഹ്മചര്യമാണ്. ലോകത്തേ ഒന്നായികണ്ട് ഒരേ തരത്തിൽ പഠിച്ച് ലോകമംഗളത്തിനുതകുന്ന ഉപദേശങ്ങൾ നൽകുന്നതിന് പൂർണ്ണസമയവും ചിലവഴിക്കുന്നവനാണ് സന്യാസി. ഗൃഹസ്ഥർക്ക് ഇത്രയും സമയം ലഭിക്കാനിടയില്ല. സന്യാസിമാർക്ക് കൂടുതൽ സമയമുണ്ടുതാനും ഇതു തന്നേയാണ് വ്യത്യാസം.

*(തുടരും)*

**ഓം വിശ്വാനി ദേവ സവിതർദുരിതാനി പരാസുവ (യജുർവ്വേദം 30.3) ഞങ്ങളുടെ ദുരിതങ്ങളും ദുർവ്വസനങ്ങളും ഇല്ലാതാക്കി ഭദ്രമായവയെ ഞങ്ങൾക്ക് പ്രദാനം ചെയ്താലും**

(മുൻ ലക്കത്തിന്റെ തുടർച്ച)

**ആര്യവീർ ദളം - ബാലപംക്തി**

**ആര്യവീരഗാഥ - 1**

# മഹർഷി ദയാനന്ദസരസ്വതി

*നചികേതസ്*

## സിദ്ധപൂരിലെ മേള



**മേ**ളയിൽ നിന്നു മടങ്ങിയ ശേഷം സൂര്യോദയം വരെ അദ്ദേഹം വളരെ വേഗത്തിൽ നടന്നു. പ്രഭാതമായപ്പോൾ ഒരു വൃക്ഷത്തിൽ കയറിയിരുപ്പായി. തന്നേയന്വേഷിച്ച് പിതാവിന്റെ ആളുകൾ ഉടനെത്തുമെന്ന ഭയമായിരുന്നദ്ദേഹത്തേ വൃക്ഷത്തിൽ കയറി ഒളിക്കാൻ പ്രേരിപ്പിച്ചത്. സായാഹ്നത്തോടുകൂടി അദ്ദേഹം മരത്തിൽ നിന്നും താഴേയിറങ്ങി മുന്നോട്ടുള്ള യാത്ര തുടർന്നു. ശുദ്ധചൈതന്യനേ അന്വേഷിച്ച് അദ്ദേഹത്തിന്റെ പിതാവ് മേള നടക്കുന്നിടം മുഴുവൻ അരിച്ചു പെറുക്കിയെങ്കിലും കണ്ടെത്താനായില്ല.

രാത്രി മുഴുവനും യാത്ര ചെയ്ത് ശുദ്ധ ചൈതന്യൻ അഹമ്മദാബാദിലെത്തി. അവിടേ നിന്ന് വഡോദരയിലും. വഡോദരയിലെ ചൈതന്യമഠത്തിൽ അദ്ദേഹം അൽപ്പകാലം കഴിഞ്ഞു. അവിടേയുള്ള ഏതാനും ബ്രഹ്മചാരികളുമായി ജീവാത്മാവ് ബ്രഹ്മം എന്നീ വിഷയങ്ങളിൽ ചർച്ചകൾ നടത്തി. അവരുടെ പ്രഭാവത്താൽ ജീവാത്മാ-ബ്രഹ്മം എന്നിവ അഭിന്നമാണെന്നുള്ള വിശ്വാസം അദ്ദേഹത്തിലുളവാക്കി. വാരണാസി, ചാനോദ കല്ല്യാണി. വ്യാസാശ്രമം, അബുപർവ്വതം എന്നീ സ്ഥലങ്ങൾ സന്ദർശിച്ച് 1854 ൽ അദ്ദേഹം ഹരിദ്വാറിലെത്തി.

### കുംഭമേള

ഹരിദ്വാറിൽ കുംഭമേള നടന്നുകൊണ്ടിരിക്കുകയായിരുന്നു. സന്യാസിമാരുടെ വലിയ ഒരു കൂട്ടം തന്നെ അവിടെയുണ്ട്. ശുദ്ധചൈതന്യൻ യഥാർത്ഥ ഗുരുവിന്റെ അന്വേഷണത്തിലായിരുന്നു. തന്റെ ആഗ്രഹം സഫലമാവാതെ അദ്ദേഹം ഋഷികേശ്, തിഹാരി, രുദ്രപ്രയാഗ്, ഗുപ്തകാശി, ഗൗരീകുണ്ഡ്, ശിവപുരി, തുംഗനാഥ്, ഊഖിമഠം, ജോഷിമഠം, ബദിനാരായണം, രാംപൂർ, മുറാദാബാദ്, ഫാറൂഖാബാദ് തുടങ്ങിയ സ്ഥലങ്ങളിലൊക്കെ ചുറ്റിത്തിരിഞ്ഞ് കാൺപൂരിലെത്തി. അവിടെ നിന്ന് കാശി, അലഹാബാദ്, ചണ്ഡാലഗഢ് തുടങ്ങിയ സ്ഥലങ്ങൾ സന്ദർശിച്ച് നർമ്മദാനദിയുടെ തീരത്ത് എത്തി. തുടർന്നും പലസ്ഥലങ്ങളിലും അദ്ദേഹം കറങ്ങി തിരഞ്ഞ് മഥുരയിലെത്തി.

*(തുടരും)*

*നാസ്തികോ വേദനിന്ദകഃ (മനുസ്മൃതി 2.11)*
*വേദങ്ങളെ നിന്ദിക്കുന്നവർ - വേദവിരുദ്ധാചരണങ്ങൾ നടത്തുന്നവർ നാസ്തികരാണ്.*







(മുൻ ലക്കത്തിന്റെ തുടർച്ച)

# വൈദികധർമ്മ പ്രശ്നോത്തരി

*ജാതവേദൻ*

36. നക്ഷത്രം എന്നു പറയുന്നതെന്തിനേയാണ്? - നാശം സംഭവിക്കാത്തതിനേ
37. ഹസ്തരേഖ നോക്കുന്നത് കൊണ്ട് നേട്ടം വല്ലതുമുണ്ടോ - ഇല്ല, ഒന്നുമില്ല
38. നാലുവർണ്ണങ്ങൾ ഏവ? - ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ
39. നാലാശ്രമങ്ങൾ ഏവ? - ബ്രഹ്മചര്യം, ഗാർഹസ്ഥ്യം, വാനപ്രസ്ഥം, സന്യാസം
40. ലോകത്തിലെ ആദ്യത്തേ നിയമസംഹിതയേത്? - മനുസ്മൃതി
41. ആശ്രമത്തിന്റെ അർത്ഥമെന്താണ്? - പൂർണ്ണപരിശ്രമം
42. മനുഷ്യായുസ്സ് ശരാശരി എത്രയാണ്? - നൂറുവർഷം
43. വേദത്തിന്റെ ഉത്ഭവം എന്നുണ്ടായി? - സൃഷ്ടിയുടെ ആരംഭത്തിൽ
44. വേദങ്ങൾ എത്രയുണ്ട്? - നാലെണ്ണം
45. വേദജ്ഞാനം തുടക്കത്തിൽ ആരിലൂടെയാണ് നൽകിയത്? - അഗ്നി, വായു, ആദിത്യൻ, അംഗിരസ് എന്നീ ഋഷിമാരിലൂടെ.

*(തുടരും)*


## ആര്യസമാജ പ്രസിദ്ധീകരണങ്ങൾ

| | | | |
|---|---|---|---|
| (1) | ബ്രഹ്മയജ്ഞം അഥവാ സന്ധ്യോപാസന | – | ₹ 10 |
| (2) | വേദം – എന്ത്? എന്തിന്? എങ്ങനെ? | – | ₹ 95 |
| (3) | ആര്യോദയം | – | ₹ 10 |
| (4) | ആര്യസമാജം എന്ത്? എന്തിന്? | – | ₹ 10 |
| (5) | സത്യാർത്ഥപ്രകാശം എന്ത്? എന്തിന്? | – | ₹ 10 |
| (6) | വൈദിക നിത്യകർമ്മ വിധി | – | ₹ 20 |
| (7) | Vedas in Story form and Chaturvarnyam | – | ₹ 35 |

*(പോസ്റ്റേജ് ചിലവ് പുറമെ)*


*മിത്രസ്യാഹം ചക്ഷുഷാ സർവ്വാണി ഭൂതാനി സമീക്ഷേ (യജുർവ്വേദം 36.18)*
*ഞാൻ എല്ലാ പ്രാണികളേയും മിത്രഭാവേന കാണട്ടെ*